**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **27-06-2022 - ൽ മറുപടിയ്ക്ക്**

**അക്രമസമരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേന്ദ്ര ഏജൻസികൾ അന്വേഷിച്ച കേസിലെ കുറ്റാരോപിതയെ മുൻനിർത്തി പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സംസ്ഥാനത്ത് നടത്തുന്ന അക്രമസമരങ്ങൾ ജനാധിപത്യത്തോടും ജനങ്ങളോടുമുള്ള വെല്ലുവിളിയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകർ മുഖ്യമന്ത്രിയെ വിമാനത്തിൽവെച്ച് ആക്രമിക്കാൻ ശ്രമിച്ചതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (ബി) | മുഖ്യമന്ത്രിക്കെതിരെ വിമാനത്തിനുള്ളിൽ വച്ച നടന്ന ആക്രമണ ശ്രമവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 u/s 120 B, 332, 307, 34 of IPC, Sec.22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec. 11 A of Aircraft Act 1934 & Sec. 3(1) (a) of Suppression of Unlawful Acts Against Safety of Civil Aviation Act 1982 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ആയതിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നതുമാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ ആരോപണങ്ങളും ടി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്. |
| (സി) | പ്രസ്തുത അക്രമപ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ട് പ്രതിപക്ഷ രാഷ്ട്രീയകക്ഷികളിലെ ചില നേതാക്കൾ രംഗത്തു വന്നത് ഈ സംഭവത്തിന് പിന്നിലെ ആസൂത്രണത്തിന്റെ തെളിവായിക്കാണുന്നുണ്ടോ; | (സി) | (ബി) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരം അക്രമങ്ങളെ തുറന്നു കാട്ടുന്നതിനും അക്രമികൾക്കെതിരെ കർശന നിയമനടപടികൾ | (ഡി) | അക്രമ സംഭവങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ പോലീസ് കർശന നിയമ നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ? | | വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ